നീണ്ടകര മൽസ്യബന്ധന തുറമുഖത്തിന്റെ പണി

1150 [1726] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീണ്ടകര മൽസ്യബന്ധന തുറമുഖത്തിന്റെ പണി ഏതു സ്റ്റേറ്റേജിലിരിക്കുന്നു ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കും ;

(സി) ഇതിനു വേണ്ടി എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

(എ) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന പണികൾ പൂർത്തിയായിവരുന്നു. ഇതിനകം ഈ പദ്ധതി ഭാഗീകമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് .

(ബി) അടുത്ത സാമ്പത്തിക വർഷം (1987-88-ൽ).

(സി) എൺപത് ലക്ഷം (80,00,000) രൂപ ഈ സാമ്പത്തിക വർഷത്തിൽ, (1986-87-ൽ) നീക്കിവച്ചിട്ടുണ്ട് .

പഞ്ചായത്ത് നിയമനം

1151 [1727] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു നിയമം സമഗ്രമായി പരിശോധിച്ച് കാലാനുസൃതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരള പഞ്ചായത്തു നിയമത്തിന് സമഗ്രമായ മാറ്റം വരുത്താനുള്ള ഉദ്ദേശമില്ല. ആവശ്യമായ ഭേദഗതികൾ അപ്പോഴപ്പോൾ വരുത്താറുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് ജീവനക്കാരുടെ പ്രമോഷൻ

1152 [1728] ശ്രീ. കെ. ഇ. ഇസ്മയിൽ :

,, എം. കെ. കേശവൻ :

,, കെ. വി. സുരേന്ദ്രനാഥ് :

ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് കോമൺ സർവ്വീസ് ഏർപ്പെടുത്തുന്നതിനു മുൻപ് ഹെഡ് ക്ലാർക്കായിട്ടുള്ള പഞ്ചായത്ത് ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുവാൻ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് പാസാകേണ്ടതില്ലായെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly